നുള്ള നടപടികൾ പൂർത്തിയാകാത്തതിനാൽ ഇക്കാര്യം ഇപ്പോൾ പരിഗണിക്കാൻ നിർവാഹമില്ല,

130 (2443) വടക്കാഞ്ചേരിയിലെ ഫയർ സ്റ്റേഷൻ

ശ്രീ. വി. ബാലറാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂചലനമേഖലയായ തലപ്പിള്ളി താലൂക്കിന്റെ ആസ്ഥാനമായ വടക്കാഞ്ചേരിയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനു സ്ഥലം ലഭിച്ചിട്ടുണ്ടോ;

(ബി) വടക്കാഞ്ചേരിയിൽ ഫയർ സ്റ്റേഷൻ ഉടനെ ആരംഭിക്കുന്നതിനു നടപടി സ്വീകരിക്കുമോ;

(സി) ഫയർ സ്റ്റേഷൻ എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്നു അറിയിക്കുമോ?

ഉത്തരം

(എ) സ്ഥലം ലഭിച്ചിട്ടില്ല.

(ബി)&(സി) ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലവും കെട്ടിടവും ലഭ്യമാകുന്ന മുറയ്ക്ക് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

131 (2444) വർക്കലയിലെ ഫയർ സ്റ്റേഷൻ നിർമ്മാണം

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞവർഷം വർക്കലയിൽ നിർമ്മാണം ആരംഭിച്ച ഫയർ സ്റ്റേഷന്റെ കെട്ടിട നിർമ്മാണത്തിനു എന്തു തുക അനുവദിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഈ കെട്ടിടനിർമ്മാണ ജോലി ഏത് ഘട്ടത്തിലാണെന്നു വിശദമാക്കുമോ;

(സി) ആവശ്യമായ ഫണ്ട് നൽകാത്തതിന്റെ പേരിൽ കെട്ടിട നിർമ്മാണ ജോലി സ്തംഭിച്ചിരിക്കുകയാണെന്ന പരാതിക്ക് പരിഹാരമായി ആവശ്യമായ ഫണ്ട് നൽകി കെട്ടിട നിർമ്മാണവും അനുബന്ധ ജോലികളും അടിയന്തിരമായി ചെയ്തുതീർക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) കെട്ടിടത്തിന്റെ സ്ട്രക്ചറൽ വർക്ക് പൂർത്തിയായി. പ്ലാസ്റ്ററിംഗ് നടത്തുക, കതക്, ജനൽ പിടിപ്പിക്കുക ഇലക്ട്രിക്കൽ വർക്ക് എന്നിവ പൂർത്തിയാകാനുണ്ട്.

(സി) അനുവദിച്ച 20 ലക്ഷം രൂപ ചെലവഴിച്ച് കഴിഞ്ഞു. അധികമായി ആവശ്യമുള്ള 25.5 ലക്ഷം രൂപ ചെലവഴിച്ച നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly